**മധുരമായ കുട്ടികളേ - നിങ്ങൾക്ക് തോണിക്കാരനെ ലഭിച്ചിരിക്കുകയാണ് ഈ കരയിൽ നിന്നും ആ കരയിലേക്ക് പോകുന്നതിന് വേണ്ടി, നിങ്ങളുടെ പാദം ഇപ്പോൾ ഈ പഴയ ലോകത്തിലല്ല, നിങ്ങളുടെ നങ്കൂരം എടുത്തു കഴിഞ്ഞു.**

**ചോദ്യം:-** ഇന്ദ്രജാലക്കാരനായ ബാബയുടെ അത്ഭുതകരമായ ഇന്ദ്രജാലം ഏതാണ്, അത് മറ്റാർക്കും ചെയ്യാൻ സാധിക്കില്ല?
**ഉത്തരം:-** കക്കക്ക് സമാനമായ ആത്മാവിനെ വജ്രസമാനമാക്കി മാറ്റുക, പൂന്തോട്ടക്കാരനായി മാറി മുള്ളുകളെ പുഷ്പമാക്കി മാറ്റുക - ഇത് വളരെ അത്ഭുകരമായിട്ടുള്ള ഇന്ദ്രജാലമാണ്, ഇത് ഇന്ദ്രജാലക്കാരനായ ഒരു ബാബ മാത്രമാണ് ചെയ്യുന്നത്, മറ്റാരും ചെയ്യുന്നില്ല. മനുഷ്യർ പണം സമ്പാദിക്കുന്നതിന് വേണ്ടി കേവലം ഇന്ദ്രജാലമെന്ന് പറയുന്നു, എന്നാൽ ബാബയെപ്പോലെ ഇന്ദ്രജാലം ചെയ്യാൻ സാധിക്കില്ല.

**ഓം ശാന്തി**. മുഴുവൻ സൃഷ്ടി ചക്രം അഥവാ ഡ്രാമയിൽ ബാബ ഒരു തവണ മാത്രമാണ് വരുന്നത്. മറ്റൊരു സത്സംഗത്തിലും ഇങ്ങനെ മനസ്സിലാക്കിക്കൊടുക്കുന്നില്ല. ആ കഥ പറയുന്നത് ബാബയുമല്ല, അത് കുട്ടികളുമല്ല. അവിടെയാണെങ്കിൽ വാസ്തവത്തിൽ പിൻഗാമികളുമില്ല. ഇവിടെയാണെങ്കിൽ നിങ്ങൾ കുട്ടികളുമാണ്, വിദ്യാർത്ഥികളുമാണ്, ഫോളോവേഴ്സുമാണ്. ബാബ കുട്ടികളെ കൂടെ കൂട്ടിക്കൊണ്ടു പോകും. ബാബ പോയിക്കഴിഞ്ഞാൽ പിന്നെ കുട്ടികളും ഈ മോശമായ ലോകത്തു നിന്നും തന്റെ പവിത്രമായ ലോകത്തിൽ പോയി രാജ്യം ഭരിക്കും. ഇത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലേക്ക് വരണം. ഈ ശരീരത്തിനകത്ത് വസിക്കുന്ന ആത്മാവിന് വളരെയധികം സന്തോഷമുണ്ടാകുന്നു.നിങ്ങളുടെ ആത്മാവിന് വളരെയധികം സന്തോഷമുണ്ടായിരിക്കണം. എല്ലാവരുടെയും പിതാവായ പരിധിയില്ലാത്ത ബാബ വന്നിരിക്കുകയാണ്, ഇത് കേവലം നിങ്ങൾ കുട്ടികളുടെ മാത്രം ബുദ്ധിയിലാണുള്ളത്. ബാക്കി മുഴുവൻ ലോകത്തിലും എല്ലാവരും വിവേകശൂന്യരാണ്. രാവണൻ നിങ്ങളെല്ലാവരെയും എത്ര വിവേകശൂന്യരാക്കി മാറ്റിയിരിക്കുന്നുവെന്ന് ബാബയിരുന്ന് മനസ്സിലാക്കിത്തരികയാണ്. ബാബ വന്ന് നിങ്ങളെ വിവേകശാലികളാക്കി മാറ്റുകയാണ്. മുഴുവൻ വിശ്വത്തിലും രാജ്യം ഭരിക്കാൻ യോഗ്യരും, അത്രയും വിവേകശാലികളുമാക്കി മാറ്റുന്നു.എപ്പോഴാണോ ഭഗവാൻ വന്ന് പഠിപ്പിക്കുന്നത്, ഈ വിദ്യാർത്ഥി ജീവിതവും അപ്പോൾ ഒരു തവണ മാത്രമാണുണ്ടാവുക. നിങ്ങളുടെ ബുദ്ധിയിൽ ഇതുണ്ട്, ബാക്കി ഉത്തരവാദിത്വങ്ങളിൽ കുടുങ്ങി ഒരുപാട് പേർ ജീവിക്കുന്നുണ്ട്, അവരുടെ ബുദ്ധിയിൽ ഭഗവാൻ വന്ന് പഠിപ്പിക്കുകയാണെന്ന കാര്യം ഒരിക്കലും വരില്ല. അവർക്ക് അവരുടെ ഉത്തരവാദിത്വങ്ങൾ മാത്രമേ ഓർമ്മയിൽ വരികയുള്ളൂ. അതിനാൽ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ എപ്പോഴാണോ ഭഗവാൻ വന്ന് നമ്മെ പഠിപ്പിക്കുകയാണെന്ന് അറിയുന്നത് അപ്പോൾ എത്ര സന്തോഷമുണ്ടായിരിക്കണം ബാക്കി എല്ലാവരും നയാപൈസ വിലയുള്ളവരാണ്, നിങ്ങളാണെങ്കിൽ ഭഗവാന്റെ കുട്ടികളായി മാറിയിരിക്കുകയാണ്, അതിനാൽ നിങ്ങൾ കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കണം. ചിലർ വളരെയധികം സന്തോഷത്തിലിരിക്കുന്നു. ചിലർ പറയുന്നു ഞങ്ങളുടെ മുരളി നടക്കുന്നില്ല, ഇങ്ങനെയാണ്... മുരളി ഒരു ബുദ്ധിമുട്ടുള്ള കാര്യമല്ല. എങ്ങനെയാണോ ഭക്തിയിൽ സാധു സന്യാസിമാരോട് - ഞങ്ങൾ ഈശ്വരനെ എങ്ങനെ കാണും? എന്ന് ചിലർ ചോദിക്കുന്നത് ,എന്നാൽ അവർക്കും അറിയില്ല. കേവലം വിരൽകൊണ്ട് ചൂണ്ടിക്കാണിക്കും ഭഗവാനെ ഓർമ്മിക്കൂ... അതുമതി, സന്തോഷിക്കുന്നു. ഭഗവാൻ ആരാണ് - ലോകത്തിൽ ആർക്കും തന്നെ അറിയില്ല. തന്റെ പിതാവിനെ ആരും അറിയുന്നില്ല. ഈ ഡ്രാമയും ഇങ്ങനെ ഉണ്ടാക്കപ്പെട്ടതാണ്, വീണ്ടും മറന്നു പോകുന്നു. നിങ്ങളിൽ എല്ലാവരും ബാബയേയും, രചനയേയും അറിയുന്നു എന്നൊന്നുമില്ല. പലയിടങ്ങളിലും അങ്ങനെയുള്ള പെരുമാറ്റമുണ്ടാകുന്നു, കാര്യമേ പറയേണ്ട. ആ ലഹരി തന്നെ ഇല്ലാതാകുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ പാദം പഴയ ലോകത്തിലല്ലാത്തതു പോലെയാണ്. നിങ്ങൾക്കറിയാം കലിയുഗീ ലോകത്തു നിന്ന് ഇപ്പോൾ പാദം ഉയർന്നു കഴിഞ്ഞിരിക്കുന്നു, ബോട്ടിന്റെ നങ്കൂരം എടുത്തു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ നമ്മൾ പൊയ്ക്കൊണ്ടിരിക്കുകയാണ്, ബാബ നമ്മളെ എവിടേക്കാണ് കൂട്ടിക്കൊണ്ടു പോകുന്നത്, ഇത് ബുദ്ധിയിലുണ്ടായിരിക്കണം എന്തുകൊണ്ടെന്നാൽ ബാബ തോണിക്കാരനുമാണ് അതുപോലെ തോട്ടക്കാരനുമാണ്. മുള്ളുകളെ പുഷ്പമാക്കി മാറ്റുന്നു. ഇതുപോലെ മുള്ളുകളെ പുഷ്പമാക്കി മാറ്റുന്ന പൂന്തോട്ടക്കാരൻ വേറെയില്ല. ഈ ഇന്ദ്രജാലം ചെറുതല്ല. കക്കക്ക് സമാനമായ ആത്മാവിനെ വജ്രസമാനമാക്കി മാറ്റുന്നു. ഇന്നത്തെക്കാലത്ത് ഇന്ദ്രജാലക്കാർ അനേകം വന്നിരിക്കുന്നു, ഇത് ചതിയുടെ ലോകമാണ്. ബാബ സദ്ഗുരുവാണ്. സദ്ഗുരു അകാലനാണ് എന്ന് പറയാറുമുണ്ട്. വളരെ ആരവത്തോടെ പറയുന്നു. ഇപ്പോൾ സ്വയം പറയുന്നു സദ്ഗുരു ഒന്ന് മാത്രമാണ്, സർവ്വരുടെയും സദ്ഗതി ദാതാവ് ഒന്നാണ്, പിന്നെ എന്തുകൊണ്ടാണ് സ്വയത്തെ ഗുരുവെന്ന് പറയുന്നത്? അവരും മനസ്സിലാക്കുന്നില്ല, ജനങ്ങളും

ഒന്നും മനസ്സിലാക്കുന്നില്ല. ഈ പഴയ ലോകത്തിൽ എന്താണുള്ളത്. കുട്ടികൾ എപ്പോഴാണോ അച്ഛൻ പുതിയ വീട് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ് എന്ന് അറിയുന്നത് അപ്പോൾ പുതിയ ലോകത്തോട് വൈരാഗ്യവും, പഴയ ലോകത്തോട് പ്രീതിയും വെക്കുന്ന ആരെങ്കലുമുണ്ടായിരിക്കുമോ. ബുദ്ധിയിൽ പുതിയ വീട് മാത്രമായിരിക്കും ഓർമ്മയുണ്ടായിരിക്കുക. നിങ്ങൾ പരിധിയില്ലാത്ത ബാബയുടെ കുട്ടികളായി മാറിയെങ്കിൽ നിങ്ങൾക്ക് സ്മൃതിയുണ്ടായിരിക്കണം ബാബ നമുക്ക് വേണ്ടി പുതിയ ലോകം നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ ആ പുതിയ ലോകത്തിലേക്ക് പോകുന്നു. ആ പുതിയ ലോകത്തിന് അനേക പേരുകളുണ്ട്. സത്യയുഗം, ഹെവൻ, പാരഡൈസ്, വൈകുണ്ഠം... നിങ്ങളുടെ ബുദ്ധി ഇപ്പോൾ പഴയ ലോകത്തു നിന്നും ഉയർന്നു കഴിഞ്ഞു, എന്തുകൊണ്ടെന്നാൽ പഴയ ലോകത്തിൽ ദുഃഖം തന്നെ ദുഃഖമാണ്. ഇതിന്റെ പേര് തന്നെ നരകമെന്നാണ്, മുള്ളുകളുടെ കാട്, രൗരവ നരകം, കംസപുരി. ഇതിന്റെ അർത്ഥം പോലും ആർക്കുമറിയില്ല. കല്ലുബുദ്ധികളല്ലേ. ഭാരതത്തിന്റെ അവസ്ഥയെന്താണെന്ന് നോക്കൂ. ബാബ പറയുകയാണ്, ഈ സമയം എല്ലാവരും കല്ലുബുദ്ധികളാണ്. സത്യയുഗത്തിൽ എല്ലാവരും പവിഴ ബുദ്ധിയാണ്, എങ്ങനെയാണോ രാജാവും, റാണിയും അതുപോലെയാണ് പ്രജയും. ഇവിടെയാണെങ്കിൽ പ്രജകളെ പ്രജകൾ തന്നെ ഭരിക്കുന്ന രാജ്യമാണ്, അതുകൊണ്ട് എല്ലാവരുടെയും സ്റ്റാമ്പ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഈ ഓർമ്മയുണ്ടായിരിക്കണം. ബാബ ഉയർന്നതിലും, ഉയർന്നതാണ്. പിന്നീട് രണ്ടാം നമ്പറിൽ ഉയർന്നതാരാണ്? ബ്രഹ്മാ, വിഷ്ണു, ശങ്കരന് യാതൊരു ശ്രേഷ്ഠതയുമില്ല. ശങ്കരന്റെ രൂപത്തെ എങ്ങനെയെല്ലാമാക്കി മാറ്റിയിരിക്കുന്നു. പറയുകയാണ് ശങ്കരൻ ലഹരി കുടിക്കുന്നു, വിഷക്കായ കഴിക്കുന്നു... ഇതെല്ലാം അപമാനിക്കലല്ലേ. ഈ കാര്യങ്ങളൊന്നും ഉണ്ടായിട്ടില്ല. ഇവർ തന്റെ ധർമ്മത്തെത്തന്നെ മറന്നു പോയിരിക്കുന്നു. തങ്ങളുടെ ദേവതകളെ എന്തെല്ലാമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്, എത്ര അനാദരവാണ് ചെയ്യുന്നത്. ബാബ പറയുകയാണ് എന്റെയും അനാദരവ്, ശങ്കരന്റെയും, ബ്രഹ്മാവിന്റെയും അനാദരവ്. വിഷ്ണുവിന് അനാദരവുണ്ടാകുന്നില്ല. വാസ്തവത്തിൽ അദ്ദേഹത്തെയും ഗുപ്തമായി അനാദരിക്കുന്നുണ്ട് എന്തുകൊണ്ടെന്നാൽ വിഷ്ണു തന്നെയാണ് രാധയും, കൃഷ്ണനും. കൃഷ്ണൻ ചെറിയ കുട്ടിയാകുമ്പോൾ മഹാത്മാവിനെക്കാളും ശ്രേഷ്ഠതയുള്ളതായി പാടപ്പെടുന്നു. ഈ ബ്രഹ്മാവ് പിന്നീട് സന്യാസം ചെയ്യുന്നു, അദ്ദേഹം ചെറിയ കുട്ടിയാകുമ്പോൾ പവിത്രമാണ്. പാപത്തെക്കുറിച്ചൊന്നും അറിയുകയില്ല. ഉയർന്നതിലും ഉയർന്നത് ശിവബാബയാണ്, എന്നിട്ടും പാവങ്ങൾക്ക് പ്രജാപിതാ ബ്രഹ്മാവ് എവിടെയാണുണ്ടാവുകയെന്ന് അറിയുന്നില്ല. പ്രജാപിതാ ബ്രഹ്മാവിനെ ദേഹധാരിയായാണ് കാണിച്ചിരിക്കുന്നത്. അജ്മീറിൽ അദ്ദേഹത്തിന്റെ ക്ഷേത്രമുണ്ട്. ബ്രഹ്മാവിന് താടിയും മീശയുമെല്ലാം നൽകിയിരിക്കുന്നു, ശങ്കരനും വിഷ്ണുവിനും നൽകിയിട്ടില്ല. അതിനാൽ ഇത് ബുദ്ധിയുടെ കാര്യമാണ്. പ്രജാപിതാ ബ്രഹ്മാവ് സൂക്ഷ്മ വതനത്തിൽ എങ്ങനെ വരും! അദ്ദേഹം ഇവിടെയാണുണ്ടാകേണ്ടത്. ഈ സമയം ബ്രഹ്മാവിന് എത്ര സന്താനങ്ങളാണ്? എഴുതിയിട്ടുണ്ട് ഇത്രയധികം ബ്രഹ്മാകുമാർ-കുമാരിമാരുണ്ടെങ്കിൽ തീർച്ചയായും പ്രജാപിതാ ബ്രഹ്മാവുണ്ടാകും. ചൈതന്യത്തിലാണെങ്കിൽ തീർച്ചയായും എന്തെങ്കിലും ചെയ്യും. എന്താ പ്രജാപിതാ ബ്രഹ്മാവ് കേവലം കുട്ടികൾക്ക് ജന്മം നൽകുക മാത്രമാണോ അതോ വേറെന്തെങ്കിലും ചെയ്യുന്നുണ്ടോ. കേവലം ആദിദേവൻ ബ്രഹ്മാവ്, ആദിദേവി സരസ്വതി എന്നെല്ലാം പറയുന്നു എന്നാൽ അവരുടെ പാർട്ട് എന്താണ് എന്ന് ആർക്കും അറിയുകയില്ല. രചയിതാവാണെങ്കിൽ തീർച്ചയായും ഇവിടെ വന്ന് പോയിട്ടുണ്ടാവും. തീർച്ചയായും ബ്രാഹ്മണരെ ശിവബാബ ദത്തെടുത്തിരിക്കുകയാണ്. ഇല്ലായെങ്കിൽ ബ്രഹ്മാവ് എവിടെ നിന്ന് വന്നു? ഇത് പുതിയ കാര്യമല്ലേ. എപ്പോൾ വരെ ബാബ വരുന്നില്ലയോ അതുവരെ അറിയാൻ സാധിക്കില്ല. ആർക്ക് എന്ത് പാർട്ടാണോ, അത് അഭിനയിക്കുന്നു. ബുദ്ധൻ ഏത് പാർട്ടഭിനിയച്ചു, എപ്പോൾ വന്നു, വന്നിട്ട് എന്ത് ചെയ്തു - ഒന്നും അറിയില്ല. ഇപ്പോൾ നിങ്ങൾക്കറിയാം അദ്ദേഹം ഗുരുവാണോ, ടീച്ചറാണോ, അച്ഛനാണോ? അല്ല. സദ്ഗതി നൽകാൻ സാധിക്കില്ല. അദ്ദേഹം കേവലം തന്റെ ധർമ്മത്തിന്റെ രചയിതാവ് മാത്രമാണ്, ഗുരുവല്ല. ബാബ കുട്ടികളെ രചിക്കുന്നു. പിന്നീട് പഠിപ്പിക്കുന്നു. അച്ഛൻ, ടീച്ചർ, ഗുരു മൂന്നുമാണ്. നിങ്ങൾ പഠിപ്പിക്കൂ എന്ന് ഒരിക്കലും മറ്റുള്ളവരോട് പറയുന്നില്ല. മറ്റാരുടെ പക്കലും ഈ ജ്ഞാനമില്ല. പരിധിയില്ലാത്ത ബാബ മാത്രമാണ് ജ്ഞാനത്തിന്റെ സാഗരൻ. അപ്പോൾ തീർച്ചയായും ജ്ഞാനം കേൾപ്പിക്കും. ബാബ തന്നെയാണ് സ്വർഗ്ഗത്തിന്റെ രാജ്യഭാഗ്യം നൽകിയത്. ഇപ്പോൾ വീണ്ടും നൽകിക്കൊണ്ടിരിക്കുന്നു. ബാബ പറയുന്നു നിങ്ങൾ വീണ്ടും 5000 വർഷങ്ങൾക്കു ശേഷം വന്ന് കാണുന്നു. കുട്ടികൾക്ക് ഉള്ളിൽ സന്തോഷമുണ്ട് ആരെയാണോ മുഴുവൻ ലോകവും അന്വേഷിച്ചുകൊണ്ടിരിക്കുന്നത്, ആ ബാബയെ ലഭിച്ചു കഴിഞ്ഞു. ബാബ പറയുകയാണ്, കുട്ടികളേ നിങ്ങൾ 5000 വർഷങ്ങൾക്ക് ശേഷം വീണ്ടും വന്ന് കാണും. കുട്ടികൾ പറയുന്നു - അതെ ബാബാ, ഞങ്ങൾ അങ്ങയെ അനേകം പ്രാവശ്യം കാണുന്നുണ്ട്. അഥവാ നിങ്ങളെ ആരെങ്കിലും എത്ര തന്നെ അടിച്ചാലും, പീഡിപ്പിച്ചാലും ഉള്ളിൽ ഈ സന്തോഷമുണ്ടാകുമല്ലോ. ശിവബാബയെ കാണുന്ന

തിന്റെ ഓർമ്മയുണ്ടായിരിക്കുമല്ലോ. ഓർമ്മയിലൂടെ എത്ര പാപമാണ് നശിക്കുന്നത്. അബലകളുടെയും, ബന്ധിതകളുടെയും പാപങ്ങൾ കൂടുതൽ നശിക്കുന്നു കാരണം അവർ ശിവബാബയെ കൂടുതൽ ഓർമ്മിക്കുന്നു. അധർമ്മമുണ്ടാകുമ്പോൾ ബുദ്ധി ശിവബാബയുടെ നേർക്ക് പോകുന്നു. ശിവബാബാ രക്ഷ ചെയ്യൂ. അപ്പോൾ ഓർമ്മിക്കുന്നത് നല്ലതല്ലേ. ദിവസവും നല്ലവണ്ണം വിഷമതകൾ അനുഭവിക്കൂ, ശിവബാബയെ ഓർമ്മിക്കും, ഇത് ശക്തിയല്ലേ. ഇങ്ങനെ അടിക്കുമ്പോൾ സമർപ്പണമായി മാറുന്നു. അടികൊള്ളുമ്പോൾ ഓർമ്മിക്കുന്നു. പറയുന്നു, ഗംഗാജലം വായിലും, ഗംഗാതീരത്തും, അപ്പോൾ പ്രാണൻ ശരീരത്തിൽ നിന്ന് പോകണം. നിങ്ങൾക്കെപ്പോൾ അടി ലഭിക്കുന്നുവോ, അപ്പോൾ ബുദ്ധിയിൽ അള്ളാഹുവിനെയും സമ്പത്തിനെയും ഓർമ്മയുണ്ടോ. അതുമതി. ബാബാ എന്ന് പറയുന്നതിലൂടെ തീർച്ചയായും സമ്പത്തും ഓർമ്മ വരും. അച്ഛനെന്ന് പറയുമ്പോൾ സമ്പത്ത് ഓർമ്മ വരാത്ത ആരും തന്നെ ഉണ്ടായിരിക്കില്ല. ബാബയോടൊപ്പം സമ്പത്തും തീർച്ചയായും ഓർമ്മ വരും. നിങ്ങൾക്കും ശിവബാബയോടൊപ്പം തീർച്ചയായും സമ്പത്തും ഓർമ്മ വരും. അവരാണെങ്കിൽ നിങ്ങളെ വിഷത്തിന് വേണ്ടി (വികാരത്തിന് വേണ്ടി) അടി നൽകി ശിവബാബയുടെ ഓർമ്മയുണർത്തിക്കുന്നു. നിങ്ങൾ ബാബയിൽ നിന്ന് സമ്പത്ത് നേടുന്നു, പാപം ഇല്ലാതാകുന്നു. ഇതും ഡ്രാമയിൽ നിങ്ങൾക്ക് വേണ്ടിയുള്ള ഗുപ്ത മംഗളമാണ്. എങ്ങനെയാണോ യുദ്ധം മംഗളകാരിയാണെന്ന് പറയപ്പെടുന്നത് അപ്പോൾ ഈ അടിയും നല്ലതാകുമല്ലോ.

ഇന്നത്തെക്കാലത്ത് കുട്ടികളുടെ പ്രദർശിനി മേളയുടെ സേവനം വളരെ ശക്തമാണ്. നവനിർമ്മാണ പ്രദർശിനിയോടൊപ്പം എഴുതൂ, സ്വർഗ്ഗത്തിലേക്കുള്ള കവാടം(ഗേറ്റ് വേ റ്റു ഹെവൻ). രണ്ടക്ഷരവും ഉണ്ടായിരിക്കണം. പുതിയ ലോകം എങ്ങനെയാണ് സ്ഥാപിതമാകുന്നത്, അതിന്റെ എക്സിബിഷനാണെങ്കിൽ മനുഷ്യർ കേട്ട് സന്തോഷിക്കും. പുതിയ ലോകം എങ്ങനെയാണ് സ്ഥാപിതമാകുന്നത്, അതിന് വേണ്ടിയാണ് ഈ ചിത്രം ഉണ്ടാക്കിയിരിക്കുന്നത്. വന്ന് കാണൂ. ഗേറ്റ് വേ റ്റു ന്യൂ വേൾഡ് (പുതിയ ലോകത്തിലേക്കുള്ള കവാടം), ഈ വാക്കുകളും നല്ലതാണ്. ഏതൊരു യുദ്ധമാണോ ഉള്ളത്, ഇതിലൂടെ ഗേറ്റ് തുറക്കുന്നു. ഭഗവാൻ വന്നുവെന്ന് ഗീതയിലുമുണ്ട്, വന്ന് രാജയോഗം പഠിപ്പിച്ചിരുന്നു. മനുഷ്യനിൽ നിന്ന് ദേവതയായി മാറിയെങ്കിൽ തീർച്ചയായും പുതിയ ലോകം സ്ഥാപിതമായിട്ടുണ്ടാകും. മനുഷ്യൻ ചന്ദ്രനിലേക്ക് പോകാൻ എത്രയധികം പരിശ്രമിക്കുന്നു. പ്രതലം-തന്നെ പ്രതലമാണ് കാണുന്നത്. മനുഷ്യരെ ഒന്നും തന്നെ കാണാൻ കഴിയുന്നില്ല. ഇത്രയുമാണ് കേൾപ്പിക്കുന്നത്. ഇതുകൊണ്ട് എന്താണ് പ്രയോജനം! ഇപ്പോൾ നിങ്ങൾ യഥാർത്ഥ ശാന്തിയിലേക്ക് പോവുകയല്ലേ. അശരീരിയായി മാറുന്നു. അത് ശാന്തിയുടെ ലോകമാണ്. നിങ്ങൾ മരണം ആഗ്രഹിക്കുന്നുണ്ടോ, ശരീരമുപേക്ഷിക്കാൻ ആഗ്രഹിക്കുന്നുണ്ടോ. മരണത്തിന് വേണ്ടിത്തന്നെയാണ് ബാബയേയും വിളിക്കുന്നത്, വന്ന് അങ്ങയോടൊപ്പം, മുക്തി ജീവൻ മുക്തിയിലേക്ക് കൊണ്ടു പോകൂ. എന്നാൽ ഒന്നും മനസ്സിലാക്കുന്നില്ല, പതീതപാവനൻ വരികയാണെങ്കിൽ നമ്മൾ കാലന്റെയും കാലനെ വിളിക്കുന്നതു പോലെയാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നു, ബാബ വന്ന് ,വരൂ വീട്ടിലേക്ക് പോകാം എന്ന്പറഞ്ഞ് വിളിക്കുന്നു, നമ്മൾ വീട്ടിലേക്ക് പോവുകയും ചെയ്യുന്നു . ബുദ്ധി പ്രവർത്തിക്കുന്നുണ്ടല്ലോ. ഇവിടെ പല കുട്ടികളുടെയും ബുദ്ധി ഉത്തരവാദിത്വത്തിന്റെ നേർക്ക് ഓടുകയാണ്. ഇന്നയാൾ രോഗിയാണ്, എന്തു സംഭവിക്കുമോ എന്തോ. അനേക പ്രകാരത്തിലുള്ള സങ്കല്പം വരുന്നു. ബാബ പറയുകയാണ് ,നിങ്ങൾ ഇവിടെയിരിക്കുകയാണ്, ആത്മാവിന്റെ ബുദ്ധി ബാബയുടെയും, സമ്പത്തിന്റെയും നേർക്കായിരിക്കണം. ആത്മാവ് തന്നെയല്ലേ ഓർമ്മിക്കുന്നത്. ആരുടെയെങ്കിലും കുട്ടി ലണ്ടനിലാണ്, അസുഖമാണെന്ന് വാർത്ത വന്നു എന്ന് കരുതുക. അതുമതി, ബുദ്ധി അങ്ങോട്ട് പോകും. പിന്നീട് ജ്ഞാനം ബുദ്ധിയിലിരിക്കുക സാധ്യമല്ല. ഇവിടെയിരിക്കുകയാണെങ്കിലും ബുദ്ധി അതിലേക്ക് പൊയ്ക്കൊണ്ടിരിക്കും. ആരുടെയങ്കിലും പതിക്ക് രോഗം വന്നു, ഭാര്യയുടെ ഉള്ളിൽ അസ്വസ്ഥമാകും. ബുദ്ധി പോകുമല്ലോ. അതുകൊണ്ട് നിങ്ങൾ ഇവിടെയിരുന്ന് എല്ലാം ചെയ്തുകൊണ്ടും ശിവബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. അതും അഹോ സൗഭാഗ്യമാണ്. ഏതുപോലെയാണോ അവർ പതിയെ അല്ലെങ്കിൽ ഗുരുവിനെ ഓർമ്മിക്കുന്നത്, നിങ്ങൾ ബാബയെ ഓർമ്മിക്കൂ.... നിങ്ങൾ, നിങ്ങളുടെ ഒരു മിനിറ്റ് പോലും നഷ്ടപ്പെടുത്തരുത്. ബാബയെ എത്രത്തോളം ഓർമ്മിക്കുന്നുവോ അപ്പോൾ സേവനം ചെയ്യുമ്പോഴും ബാബയുടെ ഓർമ്മ തന്നെ വരും. ബാബ പറയുകയാണ് എന്റെ ഭക്തർക്ക് മനസ്സിലാക്കിക്കൊടുക്കൂ. ഇത് ആരാണ് പറഞ്ഞത്? ശിവബാബ. കൃഷ്ണൻ ഭക്തർക്ക് എന്ത് മനസ്സിലാക്കി കൊടുക്കാനാണ്?.. അവരോട് പറയൂ, കൃഷ്ണൻ പുതിയ ലോകം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. അംഗീകരിക്കുമോ? ക്രിയേറ്റർ ഗോഡ്ഫാദറാണ്, കൃഷ്ണനല്ല. പരംപിതാ പരമാത്മാവ് പഴയ ലോകത്തെ പുതിയതാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്, ഇത് അംഗീകരിക്കും. പുതിയതിൽ നിന്ന് പഴയത്, പഴയതിൽ നിന്ന് വീണ്ടും പുതിയതാകുന്നു. കേവലം സമയം കൂടുതൽ നൽകിയതു കാരണം മനുഷ്യർ ഘോര അന്ധകാരത്തിലാണ്. നിങ്ങൾക്കിപ്പോൾ ഉള്ളംകൈയ്യിൽ സ്വർഗ്ഗമാണ് ലഭിച്ചിരിക്കുന്നത്. ബാബ പറയുന്നു, ഞാൻ നിങ്ങളെ ആ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റാൻ വന്നിരിക്കുകയാണ്. ആകുമോ? ആഹാ, എന്തുകൊണ്ടാകില്ല!

ശരി, എന്നെ ഓർമ്മിക്കൂ, പവിത്രമാകൂ. ഓർമ്മയിലൂടെ മാത്രമേ പാപം ഭസ്മമാകൂ. വികർമ്മങ്ങളുടെ ഭാരം ആത്മാവിലാണ്, ശരീരത്തിലല്ല എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. അഥവാ ശരീരത്തിലാണ് പാപ ഭാരമെങ്കിൽ ശരീരം കത്തിക്കുമ്പോൾ അതിനോടൊപ്പം പാപവും കത്തേണ്ടതല്ലേ. ആത്മാവ് അവിനാശി യാണ്, അതിൽ കേവലം കറ പിടിക്കുന്നു. അതിനെ ഇളക്കുന്നതിന് വേണ്ടി ബാബ ഒരേയൊരു യുക്തി യാണ് പറഞ്ഞു തരുന്നത്, ഓർമ്മിക്കൂ. പതീതത്തിൽ നിന്നും പാവനമാകുന്നതിന്റെ യുക്തി എത്ര നല്ലതാണ്. ക്ഷേത്രം ഉണ്ടാക്കുന്നവരും, ശിവന്റെ പൂജ ചെയ്യുന്നവരും ഭക്തരാണല്ലോ. പൂജാരിയെ ഒരിക്കലും പൂജ്യനെന്ന് പറയാൻ സാധിക്കില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) ആരെയാണോ മുഴുവൻ ലോകവും അന്വേഷിച്ചുകൊണ്ടിരിക്കുന്നത്, ആ ബാബയെ ലഭിച്ചിരിക്കുക യാണ് എന്ന സന്തോഷത്തിലിരിക്കണം. ഓർമ്മയിലൂടെ മാത്രമേ പാപം നശിക്കുകയുള്ളൂ അതുകൊണ്ട് ഏത് പരിതസ്ഥിതിയിലും ബാബയേയും സമ്പത്തിനെയും ഓർമ്മിക്കണം. തന്റെ സമയത്തിലെ ഒരു മിനിറ്റ് പോലും നഷ്ടപ്പെടുത്തരുത്.

2) ഈ പഴയ ലോകത്തു നിന്നും ബുദ്ധിയുടെ നങ്കൂരത്തെ വിടുവിക്കണം. ബാബ നമുക്ക് വേണ്ടി പുതിയ വീട് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്, ഇത് രൗരവ നരകം, കംസപുരിയാണ്, നമ്മൾ വൈകുണ്ഢപുരി യിലേയ്ക്ക് പോകുന്നു. സദാ ഈ സ്മൃതിയിലിരിക്കണം.

### വരദാനം- വിഹംഗമാർഗ്ഗസേവനത്തിലൂടെ വിശ്വപരിവർത്തനത്തിന്റെ കാര്യത്തെ സമ്പന്നമാക്കുന്ന സത്യമായ സേവാധാരിയായി ഭവിക്കട്ടെ.

വിഹംഗമാർഗ്ഗത്തിലൂടെ സേവനം ചെയ്യാനായി രൂപ്-ബസന്ത് (ഓർമ്മ-ജ്ഞാനം) ഇവയുടെ ബാലൻസ് ഉണ്ടാകണം.എങ്ങിനെയാണോ ജ്ഞാനത്തിലൂടെയും, ഓർമ്മയിലൂടെയും ഒരേസമയം അനേകം ആത്മാക്കൾക്ക് സന്ദേശം നൽകാനുള്ളകാര്യം ചെയ്യുന്നത്, അതുപോലെതന്നെ ഓർമ്മയുടെ ബലത്തിലൂടെയും, ശ്രേഷ്ഠസങ്കല്പങ്ങളൂടെ ബലത്തിലൂടെയും തീവ്രവേഗതയിലുള്ള സേവനം ചെയ്യാനാവും.ഇതിനായി പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കൂ.ഒപ്പമൊപ്പം സംഘടിതരൂപത്തിൽ ദൃഢസങ്കൽപത്തിലൂടെ പഴയ സ്വഭാവസംസ്ക്കാരങ്ങളും,പഴയ പെരുമാറ്റങ്ങളുമാകുന്ന എള്ളിനെയും,ധാന്യങ്ങളെയും യജ്ഞത്തിൽ സ്വാഹാ ചെയ്യൂ. അപ്പോൾ വിശ്വപരിവർത്തനത്തിന്റെ കാര്യം സമ്പന്നമാകും അഥവാ യജ്ഞത്തിന്റെ സമാപ്തിയുണ്ടാകും.

### സ്ലോഗൻ: ബാലകനും,ഒപ്പം യജമാനനുമാണെന്ന സ്മൃതിയുടെ ബാലൻസിലൂടെ പ്ളാനുകളെ പ്രാക്ടിക്കലിലേക്ക് കൊണ്ടുവരൂ..

**അവ്യക്തസൂചന-ആത്മീയമായ അന്തസ്സിന്റേയും,പവിത്രതയുടേയും വ്യക്തിത്വത്തെ തന്റേതാക്കി മാറ്റൂ..** ഈ ഈശ്വരീയസേവനത്തിലെ ഏറ്റവും വലിയ ഗുണമാണ് പവിത്രതയെ ദാനം നൽകുക എന്നത്.പവിത്രമാകുകയും,പവിത്രമാക്കുകയും ചെയ്യുന്നതിനെയാണ് പുണ്യാത്മാവാകുക എന്ന് പറയുന്നത്.എന്തെന്നാൽ പവിത്രത ജീവദാനമാണ്,അതിലൂടെ ആത്മാക്കളെ ആത്മഹത്യയെന്ന മഹാപാപത്തിൽ നിന്നാണ് രക്ഷപ്പെടുത്തുന്നത്.അപവിത്രത ആത്മഹത്യയാണ്.ആരുടെയെങ്കിലും ദു:ഖമെടുത്ത് സുഖം നൽകുക എന്നത് ഏറ്റവും വലിയ പുണ്യകർമ്മമാണ്.ഇങ്ങിനെയുള്ള പുണ്യകർമ്മങ്ങൾ ചെയ്തുചെയ്ത് പുണ്യാത്മാവായി മാറുന്നു.